പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1501 — 03-05-2017-ൽ മറുപടിക്ക്

## മുഖ്യമന്ത്രിയുടെ ഓഫീസിൽ ചീഫ് സെക്രട്ടറിയുടെ പദവിയിൽ ഉപദേഷ്ടാവിനെ നിയമിച്ച നടപടി

**ചോദ്യം**
ശ്രീ. എൽദോസ് കുന്നപ്പിള്ളി

**ഉത്തരം**
ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പോലീസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ മുഖ്യമന്ത്രിയുടെ ഓഫീസിൽ ചീഫ് സെക്രട്ടറിയുടെ പദവിയിൽ ഉപദേഷ്ടാവിനെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണെന്നും, അദ്ദേഹത്തിന് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ; | എ) | ആഭ്യന്തരവകുപ്പിനെ സംബന്ധിച്ച വിഷയങ്ങളിൽ മുഖ്യമന്ത്രിയുടെ ഉപദേശകനായി കേരള കേഡറിലെ മുൻ ഐ.പി.എസ് ഉദ്യോഗസ്ഥനായ ശ്രീ.രമൺ ശ്രീവാസ്തവയെ ചീഫ് സെക്രട്ടറിയുടെ പദവിയ്ക്ക് തുല്യമായ തസ്തിക സൃഷ്ടിച്ച് നിയമിച്ചിട്ടുണ്ട് അദ്ദേഹത്തെ പ്രതിഫലം കൂടാതെ സേവനമനുഷ്ഠിക്കുമെന്ന വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ മറ്റ് സേവനവ്യവസ്ഥകൾ സംബന്ധിച്ച കാര്യങ്ങളിന്മേൽ തീരുമാനമായിട്ടില്ല. |
| ബി) | കുറ്റാന്വേഷണത്തിലും, ക്രമസമാധാന പാലനത്തിലും പോലീസിന് തുടർച്ചയായി വീഴ്ചയുണ്ടാകുന്ന സാഹചര്യത്തിലാണോ ഉപദേഷ്ടാവിനെ നിയമിക്കുവാൻ തീരുമാനമെടുത്തത്; | ബി) | അല്ല |
| സി) | പല കേസുകളിലും പോലീസിന് വീഴ്ച പറ്റിയെന്ന ആക്ഷേപം ഉള്ളത് ആഭ്യന്തര വകുപ്പിന്റെ കെടുകാര്യസ്ഥത മൂലമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ ? | സി) | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ